**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 202** **23-02-2026 - ൽ മറുപടിയ്ക്ക്**

**സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ എം നൗഷാദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ ഉല്പാദനക്ഷമതയും ഉല്പന്നങ്ങളുടെ വിപണിസാധ്യതയും വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഉണ്ട്.<br><br>സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ ഉല്പാദന ക്ഷമതയും ഉല്പന്നങ്ങളുടെ വിപണന സാധ്യതയും വർദ്ധിപ്പിക്കുന്നത് കൂടി ലക്ഷ്യമിട്ട് വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് നടപ്പാക്കി വരുന്നു<br><br>എം.എസ്.എം.ഇ മേഖലയിൽ നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു<br><br>**1.സംരംഭക സഹായ പദ്ധതി (ESS)**<br><br>വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രാരംഭ സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായി നൽകിവരുന്ന സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നു.<br><br>**2. ഒരു കുടുംബം ഒരു സംരംഭം പദ്ധതി**<br><br>ഉൽപ്പാദന സേവന, വ്യാപാര മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള വായ്പക്ക് പലിശ ഇളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി വിഭാവനം ചെയ്യുന്നത്.<br><br>**3.നാനോ യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്പദ്ധതി**<br><br>വായ്പാധിഷ്ഠിത പ്രോജക്റ്റുകൾക്ക് Margin Money Grant നല്കി കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറു സംരംഭങ്ങൾ |

സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

**4. നിലവിലുള്ള എം.എസ്.എം.ഇ കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പദ്ധതി (Mission-1000)**

നിലവിൽ പ്രവർത്തന ക്ഷമമായ എം.എസ്.എം.ഇ യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനും നിലവിലുള്ള എം.എസ്.എം.ഇ. കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പിന്തുണ നൽകുന്നതിനുമായി പ്രഖ്യാപിച്ച പദ്ധതി യാണിത്.

**5. തകർച്ച നേരിടുന്നതും പ്രവർത്തന രഹിതവും ആയ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി (Scheme for revival of MSMEs with stressed asset, Defunct MSME units and cashew processing units)**

2023-24 സാമ്പത്തിക വർഷം 31/3/2023 വരെ നിലവിലുണ്ടായിരുന്ന "തകർച്ച നേരിടുന്ന എം.എസ്.എം.ഇ. കളുടെ പുനരധിവാസവും പുനരുജ്ജീവനവും", "പ്രവർത്തനരഹിതമായ യൂണിറ്റുകൾ/കശുവണ്ടി സംസ്കരണ യൂണിറ്റുകളുടെ പുനരധിവാസവും പുനരുജ്ജീവനവും" എന്നീ രണ്ട് പദ്ധതികൾ സംയോജിപ്പിച്ച് "തകർച്ച നേരിടുന്ന (Stressed) എം.എസ്.എം.ഇ കൾ, പ്രവർത്തന രഹിതമായ എം.എസ്.എം.ഇ കൾ/കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി" എന്ന പേരിൽ പുതിയ ഒരു പദ്ധതി നടപ്പിലാക്കി ഉത്തരവ് ആയിട്ടുണ്ട്.

**6.മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി**

സ്റ്റാർട്ടപ്പുകളിൽ ഭൂരിഭാഗവും ഐ.ടി അധിഷ്ഠിത ഉൽപന്നങ്ങളോ ഐടിയുമായി ബന്ധപ്പെട്ടതോ ആയതിനാൽ ഉൽപ്പാദന മേഖലയിൽ നൂതന ആശയങ്ങളുമായി വരുന്ന സംരംഭകരുടെ എണ്ണം ഗണ്യമായി കുറയുന്നു. ഈ സാഹചര്യത്തിൽ, ഉൽപ്പാദന മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക്

| | | | |
|---|---|---|---|
| | | | സാമ്പത്തിക സഹായം നൽകുക, പ്രാരംഭ ഘട്ടത്തിൽ തന്നെ ആവശ്യമായ സാമ്പത്തിക സഹായം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.<br><br>കൂടാതെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ ഉല്പാദന ക്ഷമതയും ഉല്പന്നങ്ങളുടെ വിപണി സാധ്യതയും വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് റാംപ് പദ്ധതിയുടെ കീഴിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി നടപ്പാക്കുന്ന റാമ്പ് പദ്ധതിയിലൂടെ സെക്ടർ സ്പെസിഫിക് ട്രെയിനിംഗ് പരിപാടി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലയിലാണ് ആദ്യഘട്ടത്തിൽ പരിശീലനം നൽകുന്നത്; വിശദമാക്കാമോ; | (ബി) | എം.എസ്.എം.ഇ കളുടെ ശേഷി വർധിപ്പിക്കുകയും മത്സരക്ഷമത മെച്ചപ്പെടുത്തുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ റാംപ് പദ്ധതിയുടെ കീഴിൽ സെക്ടർ സ്പെസിഫിക് സ്കിൽ ട്രെയിനിങ് പ്രോഗ്രാമുകൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന 6000-ത്തോളം MSME-കൾക്ക് ഈ പദ്ധതിയുടെ കീഴിൽ പരിശീലനം നൽകുന്നതിനായി കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് (KIED) നെ ചുമതലപെടുത്തിയിട്ടുണ്ട്. ഈ വർഷവും അടുത്ത വർഷവുമായി നടപ്പിലാക്കുന്ന ഈ പരിശീലനങ്ങൾ MSME-കൾക്ക് അവയുടെ നൈപുണ്യ വികസനത്തിന് ഉപയോഗപ്രദമാവും. ഇതിനായി 9.18 കോടി രൂപയാണ് റാമ്പ് പദ്ധതിയുടെ ഭാഗമായി വകയിരുത്തിയിരിക്കുന്നത്.<br><br>സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമുള്ള റെയ്സിംഗ് ആൻഡ് ആക്സിലറേറ്റിംഗ് എം.എസ്.എം.ഇ പെർഫോമൻസ് (RAMP) പദ്ധതിയുടെ സംസ്ഥാന നോഡൽ ഏജൻസിയായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷനെ (KBIP) കേരള സർക്കാർ നിയമിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് കീഴിലുള്ള സെക്ടറൽ കോൺക്ലേവുകളും സെമിനാറുകളും സംഘടിപ്പിക്കുക, സെക്ടറൽ സർവേകളും പഠനങ്ങളും നടത്തുക, വിവിധമേഖലകളിലെ വിദഗ്ധരെയോ സ്ഥാപനങ്ങളെയോ നിയോഗിക്കുക എന്നീ മൂന്ന് കാര്യങ്ങൾ നടപ്പിലാക്കുന്ന തിനുള്ള ഏജൻസിയായി കെ.എസ്.ഐ.ഡി.സി-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം കെ.എസ്.ഐ.ഡി.സി-ക്ക് നാളിതുവരെ 151 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ഈ ഫണ്ട് വിനിയോഗിച്ച് Kerala Industrial Policy 2023 പ്രകാരം മുൻഗണനാ മേഖലകളായി പ്രഖ്യാപിച്ച വിവിധ വ്യവസായ സെക്ടറുകളിൽ സെക്ടറൽ |

| | | | |
|---|---|---|---|
| | | | യോഗങ്ങളും ആശയവിനിമയ പരിപാടികളും സംഘടിപ്പിച്ചു.<br><br>പ്രധാനമായും ഫുഡ് പ്രോസസ്സിംഗ്, റീട്ടെയിൽ, മാരിടൈം & ലോജിസ്റ്റിക്സ്, മെഡിക്കൽ ഡിവൈസസ്, ബയോടെക്നോളജി & ലൈഫ് സയൻസസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് തുടങ്ങിയ മുൻഗണനാ മേഖലകളിൽ 40-ൽ അധികം സെക്ടറൽ മീറ്റിംഗുകൾ നടത്തപ്പെട്ടു. ഈ യോഗങ്ങളിൽ ബന്ധപ്പെട്ട വ്യവസായ പ്രതിനിധികൾ, വിഷയവിദഗ്ധർ, ക്ലസ്റ്റർ അംഗങ്ങൾ, നിക്ഷേപകർ എന്നിവർ പങ്കെടുത്ത് മേഖലയിലെ നിലവിലെ വെല്ലുവിളികൾ, വളർച്ചാ സാധ്യതകൾ, നയപരമായ ഇടപെടലുകൾ, ധനസഹായ സാധ്യതകൾ, കഴിവ് വികസനം എന്നിവ സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തി.<br><br>ലഭ്യമായ ശുപാർശകളുടെ അടിസ്ഥാനത്തിൽ മേഖലാവിഷയങ്ങളിൽ നയ പിന്തുണയും ശേഷി വികസന നടപടികളും ഘട്ടംഘട്ടമായി നടപ്പിലാക്കി എം.എസ്.എം.ഇ സംരംഭങ്ങളുടെ മത്സരക്ഷമതയും സ്ഥിരതയുള്ള വളർച്ചയും ഉറപ്പാക്കുന്നതാണ് ലക്ഷ്യം. |
| (സി) | എം. എസ്. എം. ഇ. മേഖലയിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ ഫലമായി ഈ രംഗത്തുണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | ഉണ്ട്. എം. എസ്. എം. ഇ മേഖലയുടെ പ്രോത്സാഹനം ലക്ഷ്യമിട്ട് 2022-23 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വന്ന സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി, 2022 ഏപ്രിൽ 1 മുതൽ 2026 ഫെബ്രുവരി 17 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 4,05,674 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 27,093 കോടി രൂപയുടെ നിക്ഷേപവും 8,64,162 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിലെ സംരംഭക വർഷം പദ്ധതിയെ, സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ ദേശീയ കോൺഫറൻസിൽ എം. എസ്.എം.ഇ മേഖലയിലെ രാജ്യത്തെ ബെസ്റ്റ് പ്രാക്ടീസായി തെരഞ്ഞെടുത്തു. കൂടാതെ യു.എസ്.എ ആസ്ഥാനമായി പ്രവർത്തിക്കുന്ന അമേരിക്കൻ സൊസൈറ്റി ഫോർ പബ്ലിക് അഡ്മിനിസ്ട്രേഷൻ എന്ന സ്ഥാപനം സംരംഭക വർഷം പദ്ധതിയെ ബെസ്റ്റ് ഇന്നൊവേഷൻ ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ ആയി തെരഞ്ഞെടുക്കുകയും 2025 മാർച്ച് 28 മുതൽ ഏപ്രിൽ 1 വരെ വാഷിംഗ്ടൺ ഡി സി - യിൽ വച്ച് നടന്ന വാർഷിക കോൺഫറൻസിൽ സംസ്ഥാനത്തിന്റെ നിക്ഷേപ പദ്ധതികൾ സംബന്ധിച്ച വിഷയം അവതരിപ്പിക്കുന്നതിനായി ക്ഷണം ലഭിച്ചിരുന്നു. വിവിധ രാജ്യങ്ങളുടെ വ്യവസായ സൗഹൃദ റാങ്കിങ് |

നിശ്ചയിക്കുന്നതിനായി വേൾഡ് ബാങ്ക് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഈസ് ഓഫ് ഡൂയിങ് ബിസിനസ് സൂചികയിൽ 2024, 2025 വർഷങ്ങളിൽ കേരളത്തിന് രാജ്യത്തെ ടോപ് അച്ചിവർ സ്ഥാനം ലഭിച്ചു. കേരളത്തിന്റെ വ്യവസായ സൗഹൃദ അന്തരീക്ഷത്തിനു ലഭിച്ച മറ്റൊരു അംഗീകാരം കൂടി ആണ്. വ്യവസായ സൗഹൃദ സംസ്ഥാനം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പ്രധാന പദ്ധതികളിൽ 'ഈസ് ഓഫ് ഡൂയിംങ് ബിസിനസ് (Ease of Doing Business) , ഏകജാലക ക്ലിയറൻസ് സംവിധാനം, വ്യവസായ പാർക്കുകൾ (Industrial Parks), MSE-CDP സഹായം, സ്റ്റാർട്ട് അപ്പ് പ്രോത്സാഹനം എന്നിവ ഉൾപ്പെടുന്നു.

എം.എസ്.എം.ഇ. മേഖലയിലെ വികസനത്തിനായി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഫലമായി ഉണ്ടായ നേട്ടങ്ങൾ കാലാനുസൃതമായി വിലയിരുത്തിവരുന്നു.

സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി നടപ്പാക്കിയ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് (IKGS) വഴി രാജ്യത്തിനകത്തും വിദേശത്തുമുള്ള നിക്ഷേപകരിൽ നിന്ന് 449 താത്പര്യ പത്രങ്ങൾ (EoI) ലഭിച്ചിട്ടുണ്ട്. ഇതിൽ **115** പദ്ധതികൾ നിർമ്മാണ ഘട്ടത്തിലേക്ക് കടന്നിട്ടുമുണ്ട്. പ്രസ്തുത പദ്ധതികളിലൂടെ ഏകദേശം രൂപ **54908.22 കോടി** നിക്ഷേപവും ഏകദേശം **66073** തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതികളുടെ നടപ്പാക്കൽ പുരോഗതി നിലവിൽ വിവിധ ഘട്ടങ്ങളിലായി തുടരുകയും, കെ.എസ്.ഐ.ഡി.സി.യുടെ ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ഡിവിഷന്റെ മേൽനോട്ടത്തിൽ തുടർച്ചയായ ഏകോപനവും പിന്തുണയും നൽകി വരികയും ചെയ്യുന്നു.

പ്രസ്തുത നേട്ടങ്ങൾ സംസ്ഥാനത്ത് സംരംഭകത്വ സംസ്കാരം ശക്തിപ്പെടുത്തുന്നതിനും പുതിയ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും വ്യവസായ സൗഹൃദ അന്തരീക്ഷം രൂപപ്പെടുത്തുന്നതിനും ഈ പദ്ധതി നിർണായക പങ്കുവഹിച്ചിട്ടുണ്ടെന്നതിന് തെളിവാണ്.

അതോടൊപ്പം, ബിസിനസ് സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി World Bank ആരംഭിച്ച **Ease of Doing Business (EoDB)** സംരംഭത്തിന്റെ ഭാഗമായി, Department for Promotion of Industry and Internal Trade (DPIIT) അവതരിപ്പിച്ച State Business Reforms Action Plan (SBRAP)

| | | | |
|---|---|---|---|
| | | | പ്രകാരമുള്ള പരിഷ്കരണങ്ങൾ സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കി. 2016-ൽ 22.8 ശതമാനം മാത്രമായിരുന്ന കേരളത്തിന്റെ സ്കോർ 2022-ൽ 91 ശതമാനത്തിലേക്കും, 2024-ലെ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം 99.1 ശതമാനത്തിലേക്കും ഉയർന്നിട്ടുണ്ട്. ഏറ്റവും പുതിയ വിലയിരുത്തലിൽ നാല് വിഭാഗങ്ങളിൽ ഒന്നാം സ്ഥാനത്തെത്തിയ കേരളം 'ഫാസ്റ്റ് മൂവേഴ്സ്' വിഭാഗത്തിൽ തന്റെ ടോപ് അച്ചീവർ സ്ഥാനം നിലനിർത്തിയിട്ടുണ്ട്.<br><br>മുകളിലുള്ള നേട്ടങ്ങൾ എല്ലാം സംസ്ഥാനത്ത് നിക്ഷേപ സൗഹൃദ അന്തരീക്ഷം ശക്തിപ്പെടുത്തുകയും എം.എസ്.എം.ഇ. മേഖലയിലെ വളർച്ച, തൊഴിൽസൃഷ്ടി, മത്സരക്ഷമത എന്നിവയിൽ സ്ഥിരതയാർന്ന പുരോഗതി കൈവരിക്കാൻ സഹായിക്കുകയും ചെയ്തതായി വിലയിരുത്തുന്നു |

സെക്ഷൻ ഓഫീസർ